# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 100 | 26.02.2018-ൽ മറുപടിയ്ക്ക്

## ലോക കേരള സഭ

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ലോക കേരള സഭ പ്രതിവർഷമായി ചേരുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (എ) | ലോക കേരള സഭ കാലാവധിയില്ലാത്ത തുടർച്ചയുള്ള സഭയായിരിക്കും. ലോക കേരള സഭ ചുരുങ്ങിയത് രണ്ട് വർഷത്തിൽ ഒരു തവണയെങ്കിലും യോഗം ചേരുന്നതാണ്. |
| (ബി) | പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (ബി) | പ്രവാസികൾ വിദേശത്ത് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ ഇന്ത്യൻ എംബസിയുമായും മറ്റ് അധികാരികളുമായും ഇടപെട്ട് പ്രശ്ന പരിഹാരം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പ്രവാസികൾ നാട്ടിൽ നേരിടുന്ന പ്രശ്നങ്ങൾ കേരളത്തിലെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രശ്ന പരിഹാരം നടത്തി വരുന്നു. |
| (സി) | ഈ സമ്മേളനത്തിലൂടെ പ്രവാസികളായ വ്യവസായികൾ കേരളത്തിന്റെ അടിസ്ഥാന വികസന മേഖലയിൽ നിക്ഷേപം നടത്തുന്നതിന് തയ്യാറായിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | 2018 ജനുവരി 12, 13 തീയതികളിൽ നടന്ന സമ്മേളനത്തിൽ പ്രവാസികളിൽ നിന്നുള്ള നിക്ഷേപം കേരളത്തിന്റെ അടിസ്ഥാന നിക്ഷേപ മേഖലയിൽ എത്തിക്കുന്നത് ഒരു മുഖ്യ ലക്ഷ്യമായിരുന്നില്ല. |

സെക്ഷൻ ഓഫീസർ